LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ആന്റണി : സർ, ഞാൻ പറഞ്ഞത് സ്പീക്കറുടെ നടപടിയെ ചോദ്യം ചെയ്തോ, കുറ്റപ്പെടുത്തിയോ അല്ല. ഞാൻ പറഞ്ഞത്, ചട്ടപ്രകാരം ആണെങ്കിൽ അതുശരി. നാളെ മറുപടി പറയാം, ഇന്ന്.....(ബഹളം)..... എന്നാൽ പിന്നെ സംസാരിക്കണ്ട. നിങ്ങൾ കുറെപേർ ഒച്ചയുണ്ടാക്കിയാൽ സംസാരിക്കണ്ട എന്നാണോ? അങ്ങനെയൊന്നും പേടിപ്പിക്കാതെ....(ബഹളം).....; അങ്ങനെയൊന്നും നിയമസഭ കൊണ്ടുപോകാൻ പറ്റില്ല. ഞാൻ സംസാരിക്കണോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് സ്പീക്കറാണ്. ഭരണകക്ഷിയിലെ അംഗങ്ങൾ എന്നെ ഒച്ചയുണ്ടാക്കി ഇരുത്തണ്ട. അതു നടക്കില്ല. ആ ഏർപ്പാട് വേണ്ട. ഞാൻ ആദ്യം എന്താണ് പറഞ്ഞത്? ചട്ടപ്രകാരം ആണെങ്കിൽ വിരോധമില്ല. പക്ഷെ നാളെ സബ്മിഷൻ അവതരിപ്പിക്കാമെന്നും മറുപടി പറയുമെന്നും പറഞ്ഞതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഇന്ന് കേരളത്തിൽ അസാധാരണമായ ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നു. ഇന്ന് കേരളത്തിലെ ഒരു പ്രത്യേക മതവിഭാഗത്തിന്റെ വിദ്യാലയങ്ങളെല്ലാം അടച്ചിട്ടിരിക്കുന്നു. അതിനു നാളെ മറുപടി പറയാമെങ്കിൽ ആ നാളെ എന്നുള്ളത് വിദ്യാഭ്യാസ മന്ത്രിക്ക് ഇന്നും മറുപടി പറയാം എന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ ചട്ടത്തെക്കുറിച്ചല്ല പറഞ്ഞത്. ഇന്ന് മന്ത്രി ഹാജരായിട്ടും നാളെ മറുപടി പറയുക എന്നത് എന്റെ അഭിപ്രായത്തിൽ ശരിയായ നടപടിയല്ല. അതാണ് ഞാൻ പറഞ്ഞത്.

പ്രിവിലേജസ് കമ്മിറ്റിയുടെ പത്താമത് റിപ്പോർട്ട്

ശ്രീ. ടി.കെ. ഹംസ : പ്രിവിലേജസ് കമ്മിറ്റിയുടെ 10-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

പിന്നോക്ക സമുദായക്ഷേമ സമിതിയുടെ പതിനാലാമത് റിപ്പോർട്ട്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : പിന്നോക്കസമുദായക്ഷേമ സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ പതിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

VII. ക്രമപ്രശ്നം

പ്രിവിലേജസ് കമ്മിറ്റിയുടെ മിനിട്സ് കമ്മിറ്റി അംഗങ്ങൾക്ക് നൽകുന്നതു സംബന്ധിച്ച്

ശ്രീ. ടി.എം. ജേക്കബ് : സർ..

മി. സ്പീക്കർ : അങ്ങ് എഴുതിത്തന്നത് വാസ്തവത്തിൽ റിപ്പോർട്ട് പരിഗണിക്കുന്ന സമയത്താണ് എടുക്കുക. അങ്ങനേ എടുക്കാവൂ. ഇന്ന് സമർപ്പണ സമയത്ത് എടുക്കുകയില്ല. എടുക്കാൻ പാടില്ല. അതുശരിയല്ല. അങ്ങ് പറയുന്നത് ലെജിസ്ലേഷനെക്കുറിച്ചായിരിക്കും. അതിവിടെ പറയാൻ പാടില്ല. ആ റിപ്പോർട്ട് നാളയേ പരിഗണിക്കുകയുള്ളൂ. ആ സമയത്ത് അങ്ങുൾപ്പെടെയുള്ള ആർക്കായാലും സമയം അനുവദിക്കും. മാത്രമല്ല അതിന് ചട്ടപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കും.

ശ്രീ. ടി.എം. ജേക്കബ് : ഞാൻ ഇതിന്റെ മെറിറ്റിലേയ്ക്ക് കടക്കുന്നില്ല. ഞാൻ പറഞ്ഞത് റിപ്പോർട്ട് ഇന്ന് പ്രസന്റ് ചെയ്യുകയാണല്ലോ. അങ്ങ് പറഞ്ഞതുപോലെ ഇപ്പോൾ റിപ്പോർട്ട് പരിഗണിക്കുക....

മി. സ്പീക്കർ : അങ്ങ് ഉന്നയിക്കുന്ന കാര്യമുൾപ്പെടെയുള്ള കാര്യം നാളെ ചർച്ചചെയ്യുന്ന സമയത്തെടുക്കാം. ... പ്രസന്റേഷൻ ലീഗലാണോ

അല്ലയോ എന്നു തീരുമാനിക്കുന്നത് ചെയറാണ്. പ്രസന്റേഷൻ, ലീഗലായതു കൊണ്ടാണ് ചെയർ അനുവദിച്ചത്. ചെയറിനെ ഇൻഡയറക്ടായിട്ട് ചോദ്യം ചെയ്യുന്നത് ശരിയല്ല.

ശ്രീ. ടി.എം. ജേക്കബ് : എനിക്കു കിട്ടിയിരിക്കുന്ന കടലാസുകൾ വച്ച്... അങ്ങു ചെയ്ത നടപടിയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അങ്ങു ചെയ്തിരിക്കുന്നത് ശരിയുമാണ്. പക്ഷെ നമ്മൾ റിപ്പോർട്ട് പ്രസന്റ് ചെയ്യുന്ന സന്ദർഭത്തിൽ അങ്ങയുടെ ശ്രദ്ധയിൽ ഒരുകാര്യം... ഞാൻ അതിന്റെ മെറിറ്റിലേയ്ക്ക് പോകുന്നില്ല. ഇന്നലെ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയശേഷം അങ്ങയുടെ ഓഫീസൊക്കെ ഇടപെട്ടതിനുശേഷമാണ് ഈ റിപ്പോർട്ട് സംബന്ധിച്ചുള്ള മിനിട്സ് ഇന്നലെ തരണമെന്നു പറഞ്ഞത്. എനിക്ക് അതറിയാം. വേറൊന്നും ഇവിടെ പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ ഇന്നു രാവിലെ ഇവിടെവന്നു കഴിഞ്ഞപ്പോൾ കവറിൽ രണ്ടു യോഗങ്ങളുടെയും (19-ാം തീയതിയിലേയും 20-ാം തീയതിയിലേയും) മിനിട്സിന്റെ കോപ്പി കിട്ടി. അങ്ങ് പറഞ്ഞല്ലോ നാളെ റിപ്പോർട്ട് പരിഗണിക്കുമ്പോൾ ഡിസന്റുണ്ടാകുമെന്ന്. അതിനെക്കുറിച്ച് പറയാമെന്ന് അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഇതിൽ എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപെടുത്താനുള്ളത് നമ്മുടെ നിയമസഭയുടെ നടപടിക്രമങ്ങളനുസരിച്ച് ഒരു റിപ്പോർട്ട്, പ്രത്യേകിച്ച് ബി.എ.സി. യുടെ റിപ്പോർട്ട് മുഖ്യമന്ത്രി കൊണ്ടു വന്നു. അതിന് വേറൊരു സിസ്റ്റമാണുള്ളത്. ഇതിനെ സംബന്ധിച്ച് ഒരു നിയമസഭാകമ്മിറ്റി അങ്ങ് നോമിനേറ്റുചെയ്ത കമ്മിറ്റിയാണ്. അതിന്റെ നടപടിക്രമവും അങ്ങുതന്നെ നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് ഒരു കമ്മിറ്റി കൂടിക്കഴിഞ്ഞാൽ ആ കമ്മിറ്റിയുടെ മിനിട്സ് ആദ്യമായി ബന്ധപ്പെട്ട മെമ്പർമാർക്കു കൊടുക്കണം. ആ മിനിട്സ് മെമ്പർമാർ നോക്കിയശേഷം അതിൽ എന്തെങ്കിലും പറയാനുണ്ടെങ്കിൽ അതുകൂടി പറഞ്ഞ് ഒരു ഡ്രാഫ്റ്റ് റിപ്പോർട്ട് പരിഗണിക്കണം. ആ ഡ്രാഫ്റ്റ് റിപ്പോർട്ട് അംഗീകരിച്ചിട്ട് അത് സഭയിൽ സമർപ്പിക്കണം. ഈ നടപടിക്രമങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. അതാണ് ഈ റിപ്പോർട്ട് ഇവിടെ സമർപ്പിക്കുമ്പോൾ ഞാൻ പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. അങ്ങേയ്ക്കും ഇവിടെയിരിക്കുന്ന മെമ്പർമാർക്കുമറിയാം, കമ്മിറ്റിയുടെ റിപ്പോർട്ട് സഭയിൽ വരുന്നതിനു മുൻപ് ആ യോഗം കൂടിയിട്ട്.....

മി. സ്പീക്കർ : അത് എക്സാമിൻ ചെയ്യാൻ കൊടുത്തിരിക്കുകയാണ്.

ശ്രീ. ടി.എം. ജേക്കബ് : ഇവിടെ രണ്ടുമിനിട്സ് കിട്ടി. അങ്ങ് കണ്ടിട്ടില്ല. ഞാനാണ് അത് കണ്ടിട്ടുള്ളത്. രണ്ടു മിനിട്സും അവിടെ നടന്ന യോഗത്തിന്റെ യഥാർത്ഥ മിനിട്സല്ല. അത് വേറെ രൂപത്തിൽ പറയാം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അങ്ങ് നാളെ പറയാമെന്ന് പറഞ്ഞതുകൊണ്ട്. അതിൽ വന്നിരിക്കുന്ന മുഖ്യമന്ത്രിയുടെ കത്തിനെ ആസ്പദമാക്കിയാണ്. അത് വേറെ വിഷയം, ഞാൻ സമ്മതിച്ചു. അത് നാളെ പറഞ്ഞുകൊള്ളാം.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ കത്തുണ്ടാകും. അതൊക്ക വേറെ വിഷയം.

ശ്രീ. ടി.എം. ജേക്കബ് : വേറെ വിഷയംതന്നെ. ഞാൻ സമ്മതിച്ചു.

മി. സ്പീക്കർ : അങ്ങ് ചൂണ്ടിക്കാണിച്ച നടപടി പ്രശ്നം പ്രൊസീഡ്യുവറലായിട്ടുള്ള കാര്യമാണ്. ഞാൻ എക്സാമിൻ ചെയ്യാം. വിശദമായി എക്സാമിൻ ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് : ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. മെറിറ്റിലേയ്ക്ക് പോകുന്നില്ല.

മി. സ്പീക്കർ : അതിൽ പലതുമുണ്ടാകും. അതിലേയ്ക്ക് കടക്കാൻ പാടില്ല. കമ്മിറ്റി കൂടിയപ്പോൾ നടപടിക്രമം പാലിച്ചിട്ടില്ല എന്ന കാര്യം സംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. ടി.എം. ജേക്കബ് : കമ്മിറ്റിയുടെ അജണ്ട... കമ്മിറ്റി കൂടുന്ന സമയത്ത് കമ്മിറ്റിയെക്കുറിച്ച് പറയുമ്പോൾ ഇന്ന വിഷയത്തിനാണെന്ന് പറയണം. അതുപോലും പറഞ്ഞിട്ടില്ല. ഇങ്ങനെ ഒരു റിപ്പോർട്ട് കൊണ്ടുവരുന്നത് ശരിയല്ല, നമ്മുടെ സഭയുടെ അന്തസ്സിനും മാന്യതയ്ക്കും ചേർന്നതല്ല. അതുകൊണ്ട് സഭാധ്യക്ഷൻ എന്നുള്ള നിലയിൽ അങ്ങ് ഈ കാര്യങ്ങളിൽ ഇടപെട്ട് നടപടിക്രമങ്ങൾ പാലിക്കാത്ത.... ഗവൺമെന്റ് ഇഷ്ടംപോലെ ചെയ്യട്ടെ. കേസു കൊടുക്കാനോ, ... എന്തു വിഷയമാണെങ്കിലും നമ്മുടെ നിയമസഭയുടെ നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ടുപോകുന്നത് അങ്ങ് അനുവദിക്കരുത്.

മി. സ്പീക്കർ : അതു പറഞ്ഞാൽ മതിയല്ലോ. അതിന് ഇത്രയും ഡീറ്റയിൽസിന്റെ കാര്യമില്ല. നമുക്കത് പരിശോധിക്കാം.

VIII. റിപ്പോർട്ട് പരിഗണന

കാര്യോപദേശകസമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : കാര്യോപദേശകസമിതിയുടെ ഇരുപത്തിനാലാമതു റിപ്പോർട്ട് പരിഗണിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അലിഹസ്സൻ : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ജി. കാർത്തികേയൻ : അങ്ങേയ്ക്ക് ഞാനൊരു നോട്ടീസ് തന്നത് എക്സാമിൻ ചെയ്തോ?

മി. സ്പീക്കർ : അങ്ങയുടെ നോട്ടീസ് ഞാൻ എക്സാമിൻ ചെയ്തു. എനിക്ക് ലെജിസ്ലേച്ചറിൽ നിന്നും റിപ്പോർട്ടുകിട്ടി. അതിൽ മൂന്നു മന്ത്രിമാരെങ്കിലും മറുപടി പറയേണ്ടതായിട്ടുണ്ട്. ഒന്ന്, മുഖ്യമന്ത്രി, രണ്ട്, വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി, മൂന്ന്, എൽ.എ.ഡി. മിനിസ്റ്റർ. മൂന്നുപേർക്കും ഞാൻ നോട്ടീസ് കൊടുത്തിരിക്കുകയാണ്. അവരുടെ മറുപടികൂടി കിട്ടിക്കഴിഞ്ഞാൽ മാത്രമേ അതു സംബന്ധിച്ച് പൂർണ്ണമായ ഒരു മറുപടി എനിക്ക് പറയാൻ നിർവ്വാഹമുള്ളൂ. നേരത്തെ തന്നതാണ്. ഞങ്ങൾ പരിശോധിച്ചിട്ടാണ് അങ്ങോട്ടു കൊടുത്തത്. നാളെത്തരിക. തീർച്ചയായും ഉണ്ടാകും. അതെല്ലാം പരിശോധിച്ച് വിശദമായി ഒൺ ബൈ ഒൺ ആയിട്ട് അതിന്റെ ആൻസർ തരാൻ പറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly